റിട്ടയേർഡ് ജസ്റ്റിസ് എം. രാമചന്ദ്രൻ ചുമതല വഹിക്കുന്ന കമ്മീഷനുകൾ

30 (1733) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിട്ടയേർഡ് ജസ്റ്റിസ് എം. രാമചന്ദ്രനെ ഏതെല്ലാം കമ്മീഷനുകളുടെ ചുമതലക്കാരനായി നിയമിച്ചിട്ടുണ്ട്; ഇവ ഏതൊക്കെ എന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ പ്രവർത്തനം പൂർണ്ണമായും പൂർത്തീകരിച്ച കമ്മീഷനുകൾ ഉണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വിവരിക്കുമോ ;

(സി) ഇതിൽ ഓരോ കമ്മീഷനുകളുടെയും പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര രൂപ ഇദ്ദേഹം പ്രതിഫലമായി വാങ്ങിയിട്ടുണ്ട്;

(ഡി) പ്രസ്തുത കമ്മീഷനുകളിൽനിന്നും പറ്റിയ ശമ്പളം, ടി.എ., ഡി.എ. മറ്റ് അലവൻസുകൾ ഇവ പ്രത്യേകമായി വിശദമാക്കുമോ ?

ഉത്തരം

(എ) റിട്ടയേർഡ് ജസ്റ്റിസ് എം. രാമചന്ദ്രൻ അബ്കാരി നയവുമായി ബന്ധപ്പെട്ട കമ്മീഷന്റെ ചുമതല വഹിക്കുന്നുണ്ട്. കൂടാതെ 'ഫെയർ സ്റ്റേജ്' നിശ്ചയിക്കുന്ന ശിപാർശ സമർപ്പിക്കുന്നതിനായി ട്രാൻസ്പോർട്ട് വകുപ്പും ഈ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ പ്രസ്തുത കമ്മീഷനെ ചുമതലക്കാരനായി നിയമിച്ചിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കോടതികൾ

31 (1734) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് എത്ര കോടതികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ സംസ്ഥാന പട്ടികജാതി കമ്മീഷനുകളുടെ നിർദ്ദേശാനുസരണം ഇപ്രകാരം എത്ര കോടതികളാണ് സ്ഥാപിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) അപ്രകാരം കോടതികൾ സ്ഥാപിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഹൈക്കോടതിയുടെ ശിപാർശ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മഞ്ചേരി-മലപ്പുറം, മാനന്തവാടി-വയനാട്, കൊട്ടാരക്കര-കൊല്ലം എന്നിവിടങ്ങളിലായി പ്രത്യേക കോടതികൾ സ്ഥാപിക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കോടതികളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ

32 (1735) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കോടതികൾ ഉൾപ്പെടെ സംസ്ഥാനത്തെ കോടതികളിൽ എത്ര കേസുകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 31-3-2015-ലെ കണക്ക് പ്രകാരം ഹൈക്കോടതിയിൽ 147866 കേസുകളും കീഴ് കോടതികളിൽ 1327828 കേസുകളും തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ട്.

(ബി) കീഴ് കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി Special list system, unit system, target fixation എന്നീ രീതി നടപ്പിലാക്കിവരുന്നുണ്ട്. കാലപ്പഴക്കം ചെന്ന കേസുകൾ, മുതിർന്ന പൗരന്മാർ വിചാരണ തടവുകാർ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം

LIBRARY ARCHIVES Kerala Legislative Assembly